**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4777** **20-07-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിപ്പള്ളി നെയ്ത്ത് മുക്ക് റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട നെല്ലിപ്പള്ളി നെയ്ത്ത് മുക്ക് റോഡ് പൊതുമരാമത്ത് വകുപ്പ്, റോഡ് മെയിന്റനൻസ് വിഭാഗം കൊല്ലം ആർ.പി. 1 ക്ലസ്റ്ററിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടിരുന്നുവെങ്കിലും അറ്റകുറ്റപ്പണികൾ മാത്രം ചെയ്തത് കൊണ്ട് പ്രസ്തുത റോഡ് നിലനിൽക്കില്ല എന്ന് ബോധ്യപ്പെട്ടതിനാൽ റോഡ് തിരികെ പി.ഡബ്ല്യൂ.ഡി. റോഡ്സിന് കൈമാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുനലൂർ മണ്ഡലത്തിലെ നെല്ലിപ്പള്ളി നെയ്ത്ത്മുക്ക് റോഡ് പ്രവൃത്തി റണ്ണിംഗ് കോൺട്രാക്റ്റ്, ക്ലസ്റ്റർ -1-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയാത്തതിനാൽ നിരത്ത് പരിപാലന വിഭാഗത്തിൽ നിന്ന് നിരത്ത് വിഭാഗത്തിന് തിരികെ നൽകിയിരുന്നു. പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. വർക്ക് നടക്കുന്നതിനാൽ പ്രസ്തുത റോഡിൽ വാഹന ഗതാഗതം ക്രമാതീതമായി ഉയരുകയും തുടർച്ചയായ മഴയും മൂലം റോഡിൻറെ ഉപരിതലം ഉൾപ്പെടെ വളരെ മോശമായതിനാലും മെറ്റലിംഗ് ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തികൾ വേണ്ടി വരുന്നതിനാലും അറ്റകുറ്റപ്പണികൾ മാത്രം ചെയ്തുകൊണ്ട് ടി റോഡ് നിലനിൽക്കുകയില്ല എന്നതിനാലാണ് പ്രസ്തുത റോഡ് റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-1 ൽ നിന്നും ഒഴിവാക്കി നിരത്ത് വിഭാഗത്തിന് കൈമാറിയത് |
| (ബി) | പൂർണമായും തകർന്ന് സഞ്ചാരയോഗ്യമല്ലാതായ പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പുനലൂർ മണ്ഡലത്തിലെ നെല്ലിപ്പള്ളി നെയ്ത്ത്മുക്ക് റോഡ് പ്രവൃത്തി റണ്ണിംഗ് കോൺട്രാക്റ്റ്, ക്ലസ്റ്റർ -1-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയാത്തതിനാൽ നിരത്ത് പരിപാലന വിഭാഗത്തിൽ നിന്ന് നിരത്ത് വിഭാഗത്തിന് തിരികെ നൽകിയിരുന്നു. പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. വർക്ക് നടക്കുന്നതിനാൽ പ്രസ്തുത റോഡിൽ വാഹന ഗതാഗതം ക്രമാതീതമായി ഉയരുകയും തുടർച്ചയായ മഴയും മൂലം റോഡിൻറെ ഉപരിതലം ഉൾപ്പെടെ വളരെ മോശമായതിനാലും മെറ്റലിംഗ് ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തികൾ വേണ്ടി വരുന്നതിനാലും അറ്റകുറ്റപ്പണികൾ മാത്രം ചെയ്തുകൊണ്ട് ടി റോഡ് നിലനിൽക്കുകയില്ല എന്നതിനാലാണ് പ്രസ്തുത റോഡ് റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-1 ൽ നിന്നും ഒഴിവാക്കി നിരത്ത് വിഭാഗത്തിന് കൈമാറിയത് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡ് പുനർനിർമ്മാണത്തിനാവശ്യമായ തുക പി.ഡബ്ല്യൂഡി. റോഡ്സിന് അനുവദിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത റോഡ് പുനർ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ